**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അറവുശാല നിർമ്മാണം- ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 702/13/തസ്വഭവ തിരുവനന്തപുരം, തീയതി: 20.03.2013.

---

പരാമർശം: 1. 07.06.2012-ലെ സ.ഉ(സാധാ)നം.1561/2012/തസ്വഭവ.

2. പഞ്ചായത്ത് ഡയറക്ടറുടെ 02.01.2013-ലെ ജെ5/10900/12 നമ്പർ കത്ത്.

<u>ഉത്തരവ്</u>

2012-13 വാർഷിക പദ്ധതിയിൻകീഴിൽ അറവുശാല നിർമ്മിക്കുന്നതിന് 2515-00-800-92 ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 500 ലക്ഷം രൂപയിൽ നിന്നും മുൻഗണന നിശ്ചയിച്ച് തെരഞ്ഞെടുക്കപ്പെട്ട 25 ഗ്രാമപഞ്ചായത്തുകളിൽ ഓരോ പഞ്ചായത്തിനും 20 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് പരാമർശം (1) സർക്കാർ ഉത്തരവു പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. അറവുശാല നിർമ്മാണത്തിനായി അപേക്ഷ നൽകിയിട്ടുള്ള 9 ഗ്രാമപഞ്ചായത്തുകൾക്ക് 20 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം രണ്ട് പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരിക്കുന്നു.

2) ഇതിൽ സ്വന്തമായി സ്ഥലമുള്ള 3 പഞ്ചായത്തുകൾക്ക് അറവുശാല നിർമ്മാണത്തിനും 6 പഞ്ചായത്തുകൾക്ക് സ്ഥലം വാങ്ങി അറവുശാല നിർമ്മിക്കുന്നതിനുമാണ് അപേക്ഷ നൽകിയിട്ടുള്ളത്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2012-13 വർഷം അറവുശാല നിർമ്മാണത്തിനായി 2515-00-800-98 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 500 ലക്ഷം രൂപയിൽ നിന്നും ഓരോ പഞ്ചായത്തിനും 20 ലക്ഷം രൂപ വീതം ആകെ 180 (നൂറ്റി എൺപത്) ലക്ഷം രൂപ അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റിലെ 9 ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സി. വൽസല
ഗവ. ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (LBA&A) തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ധനകാര്യ (പ്ലാനിംഗ്) വകുപ്പ്.
ധനകാര്യ (ഡെവലപ്മെന്റ്) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | ജില്ല | ആവശ്യപ്പെട്ട തുക (ലക്ഷത്തിൽ) | റിമാർക്സ് |
|---|---|---|---|---|
| 1 | എഴുമറ്റൂർ | പത്തനംതിട്ട | 20 | സ്ഥലം വാങ്ങി അറവുശാല നിർമ്മിക്കുന്നതിന് |
| 2 | തണ്ണിത്തോട് | പത്തനംതിട്ട | 20 | സ്ഥലം വാങ്ങി അറവുശാല നിർമ്മിക്കുന്നതിന് |
| 3 | തുമ്പമൺ | പത്തനംതിട്ട | 20 | അറവുശാല നിർമ്മിക്കുന്നതിന് |
| 4 | പന്തളം-തെക്കേക്കര | പത്തനംതിട്ട | 20 | അറവുശാല നിർമ്മിക്കുന്നതിന് |
| 5 | സീതത്തോട് | പത്തനംതിട്ട | 20 | സ്ഥലം വാങ്ങി അറവുശാല നിർമ്മിക്കുന്നതിന് |
| 6 | എലികുളം | കോട്ടയം | 20 | സ്ഥലം വാങ്ങി അറവുശാല നിർമ്മിക്കുന്നതിന് |
| 7 | വാത്തിക്കുടി | ഇടുക്കി | 20 | സ്ഥലം വാങ്ങി അറവുശാല നിർമ്മിക്കുന്നതിന് |
| 8 | തിരുവാലി | മലപ്പുറം | 20 | അറവുശാല നിർമ്മിക്കുന്നതിന് |
| 9 | കൂരാച്ചുണ്ട് | കോഴിക്കോട് | 20 | സ്ഥലം വാങ്ങി അറവുശാല നിർമ്മിക്കുന്നതിന് |
| | ആകെ | | 180 | |